II ഇ.ബി.XIV-കേരള നിയമസഭ/XI-1

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 4, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2018 ജൂൺ 4-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന്

സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ, സൈബർ ഡോം, ഹൈടെക് സെൽ എന്നീ സംവിധാനങ്ങളിലൂടെ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സൈബർ സെല്ലിന്റെയും ജനമൈത്രി പോലീസിന്റെയും സഹായത്തോടെ പൊതുജനങ്ങൾക്കും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷയെപ്പറ്റി സമൂഹ മാധ്യമങ്ങൾവഴി ബോധവൽകരണവും അലെർട്ട് മെസ്സേജുകളും നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. വർഗ്ഗീയ വിഭജനം ലക്ഷ്യമാക്കി വാട്സ് ആപ് ഹർത്താൽ നടത്തിയവർക്കെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണം നടത്തിവരികയാണ്. സോഷ്യൽ മീഡിയയുടെ ദുരുപയോഗം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കഴിവുള്ള കൂടുതൽ ആളുകളെ സൈബർ മേഖലയിൽ വിന്യസിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും വ്യാജ പ്രൊഫൈലുകളിലൂടെ സമൂഹത്തിൽ ഭിന്നതയും വിദ്വേഷവും സൃഷ്ടിക്കുന്നവർക്കെതിരെ നിയമപരമായി സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) <u>പോക്സോ കോടതികൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്ന എറണാകുളത്തെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ പോക്സോ ആക്ട് പ്രകാരമുള്ള സ്പെഷ്യൽ കോടതിയായും നിയമം അനുശാസിക്കുംവിധം എല്ലാ ജില്ലകളിലും ഈ കേസുകളുടെ വിചാരണയ്ക്കായി കോടതികളെ അധികാരപ്പെടുത്തിയും വിജ്ഞാപനം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാലതാമസം നേരിടുന്ന കേസ്സുകളുടെ വിചാരണ വേഗത്തിലാക്കുന്ന കാര്യം ഹൈക്കോടതിയുടെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതാണെന്നും പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ കോടതികളിലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പോക്സോ കേസ്സുകളിൽ പോലീസും ബന്ധപ്പെട്ട അധികാരികളും യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടെന്നും അത്തരത്തിൽ നടപടി സ്വീകരിക്കാത്ത പോലീസുദ്യോഗസ്ഥരെക്കൂടി പ്രതി ചേർക്കത്തക്കവിധം നിയമ ഭേദഗതിക്ക് കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെടാവുന്നതാണെന്നും ഗോത്രാചാരപ്രകാരം വിവാഹം കഴിച്ചതിന്റെ പേരിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ പോക്സോ കേസ്സുകളിൽപ്പെടുന്നത് ഒഴിവാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3 (*3) <u>ആർ.എസ്.എസ്. നടത്തുന്ന കായികാക്രമണ പരിശീലനങ്ങൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആർ.എസ്.എസ്. നടത്തിവരുന്ന എല്ലാ കായികാക്രമണ പരിശീലന പ്രവർത്തനങ്ങളെ സംബന്ധിച്ചും പോലീസ് നിരീക്ഷണം നടത്തിവരികയാണെന്നും ഇതിനെതിരെ കർശന നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂത്തുപറമ്പ് തൊക്കിലങ്ങാടി എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലും പാറശ്ശാല ഭാരതീയ വിദ്യാപീഠം അൺഎയ്ഡഡ് സെൻട്രൽ സ്കൂളിലും ആർ.എസ്.എസ്. പ്രവർത്തകർക്കും കുട്ടികൾക്കുമായി പഠനക്യാമ്പും പരിശീലന കളരിയും നടത്താൻ അനുമതി നൽകിയ അധികൃതർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു. ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ആയുധപരിശീലനം

നടക്കുന്നുണ്ടോയെന്ന് പോലീസും സ്പെഷ്യൽ ബ്രാഞ്ചും നിരീക്ഷിച്ചുവരികയാണെന്നും ഇത് തടയുന്നതിനുള്ള ഫലപ്രദമായ നിയമനടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കപ്പെടുന്ന കാര്യത്തിൽ പൊതുസമൂഹം ജാഗ്രത പാലിക്കണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

4 (*4) <u>ഗുണമേൻമയുള്ള രോഗചികിത്സ</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ജനങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായും അല്ലാതെയും വിവിധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരികയാണെന്ന് സഭയെ അറിയിച്ചു. താലൂക്കുതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും വികസിപ്പിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഏകീകരിക്കാനും ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കി മാറ്റാനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനായുള്ള പ്രവർത്തനങ്ങൾ

നടത്തിവരികയാണെന്നും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഗവൺമെന്റ് ആശുപത്രികളിലും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആശുപത്രികൾക്ക് ആവശ്യമായിട്ടുള്ള മെഡിക്കൽ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി നൽകിവരുന്നു. ദേശീയ തലത്തിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പിലാക്കിവരുന്ന "ലക്ഷ്യ" പദ്ധതി മുഖേന പ്രസവമുറികളും ഓപ്പറേഷൻ തീയറ്ററുകളും ആധുനികമാക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനായി " ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം" കൂടുതൽ ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'ഹൃദ്യം പദ്ധതി'-യിലൂടെ 460 ഓപ്പറേഷനുകൾ നടത്തിക്കഴിഞ്ഞു. പ്രസവം നടക്കുന്ന ആശുപത്രികളിൽ ന്യൂബോൺ കോർണറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ടൈഫോയിഡ് തടയുന്നതിനുള്ള ബോധവൽകരണ പരിപാടി നടന്നുവരുന്നുണ്ടെന്നും പബ്ലിക് ഹെൽത്ത് ലാബുകൾവഴി രക്തസാമ്പിളുകളുടെ പരിശോധന ഉറപ്പ് വരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കാലാ അസർ രോഗം പടരാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ 44 താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗപ്പെടുത്തി ഡയാലിസിസ് രോഗികൾക്ക് സഹായം നൽകിവരികയാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും നിലവിലുള്ള വൈറോളജി ലാബുകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും അടൂർ ജനറൽ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് അടിയന്തരമായി മീറ്റിംഗ് വിളിക്കുന്നതാണെന്നും തീരദേശത്തുള്ളവർക്ക് ക്യാൻസർ സ്ക്രീനിംഗ് നടത്തുന്നതിനും എളുപ്പത്തിൽ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടി ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 444 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)